**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4429** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം (ഒ.എൽ.ഒ.പി.) പദ്ധതി വഴി സംസ്ഥാനത്ത് എത്ര സംരംഭങ്ങൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ വ്യവസായ-വാണിജ്യ വകുപ്പ തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന ഒരു സംയുക്ത പദ്ധതിയാണ് ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (OLOP) പദ്ധതി ആഗോള വിപണിയിൽ തനതായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണന ചെയ്യുന്നതിനും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ തിരിച്ചറിയുന്നതിനു പ്രോത്സാഹിപ്പിക്കുന്ന തിനും പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക ഉല്പന്നങ്ങൾക്ക ന്യായമായ വിലയും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിൽ ഏർപ്പെട്ടിരിക്കുന കർഷകർക്കും സംരംഭകർക്കും ഗണ്യമായ വരുമാനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.<br><br>വ്യവസായ വകുപ്പ് വ്യവസായ വാണിജ ഡയറക്ടറേറ്റ് മുഖേന (OLOP) പ്രോജക്ടുകളുടെ വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക സഹായം നൽകുന്നു. OLOP പ്രോജക്ട റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവിലേക്ക് ഒരു തദ്ദേശ സ്ഥാപനത്തിന 50,000 രൂപ വരെ സാമ്പത്തിക സഹായ നൽകും. ഈ സഹായം രണ ഘട്ടങ്ങളിലായാണ് നൽകുന്നത്.<br><br>1) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രജക്ട് റിപ്പോർട്ട് (ഡി.പിആർ) തയ്യാറാക്കുന്നതിന് മുൻകൂറായി 50% തുക.<br><br>2) തദ്ദേശ സ്ഥാപന കൗൺസിലിൽ നിന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഡി.പി.ആർ പൂർത്തിയാക്കിയതിന് ശേഷം ബാക്കി 50% തുക.<br><br>പ്രസ്തുത പദ്ധതിയുടെ മാർഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | മട്ടന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (ബി) | നിലവിൽ ആരംഭിച്ചിട്ടില്ല. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ